പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 6145 | 28-10-2011 -ൽ മറുപടിക്ക്.

ഹഡ്കോ മാതൃകയിൽ കോർപ്പറേഷൻ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി.<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. റ്റി.എൻ. പ്രതാപൻ<br>ശ്രീ. സി.പി. മുഹമ്മദ്. | | ശ്രീ. കെ. എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | ഭവനനിർമ്മാണത്തിനുള്ള സാമ്പത്തിക സഹായത്തിനായി എന്തെല്ലാം മാർഗ്ഗങ്ങളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത്; | (എ) | ഹഡ്കോ, കെ.എസ്.എഫ്.ഇ. തുടങ്ങിയ വിവിധ ധനകാര്യസ്ഥാപനങ്ങളിൽ നിന്നും വായ്പാധനസഹായങ്ങൾ സമാഹരിച്ചും കൂടാതെ പാരസ്പര്യ പദ്ധതി പ്രകാരം ഗുണഭോക്താക്കളിൽ നിന്നും മുഴുവൻ തുകയും ഗഡുക്കളായി മുൻകൂർ വാങ്ങിയുമാണ് ഭവനനിർമ്മാണത്തിനുള്ള സാമ്പത്തിക സഹായം സമാഹരിക്കുന്നത്. |
| (ബി) | ഇതിനായി ഹഡ്കോ മാതൃകയിൽ കോർപ്പറേഷൻ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) യും (സി) യും | നാഷണൽ ഹൗസിംഗ് ബാങ്ക് തുടങ്ങിയ സാമ്പത്തിക സ്ഥാപനങ്ങളിൽ നിന്നും, വിദേശ ഇന്ത്യക്കാർ, ഇന്ത്യൻ വംശജർ എന്നീ വിഭാഗങ്ങളിൽപ്പെട്ടവരിൽ നിന്നും മൂലധനം സ്വരൂപിച്ച് ഹഡ്കോ മാതൃകയിൽ കേരള സ്റ്റേറ്റ് ഹൗസിംഗ് ഫിനാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നു. ഇതിന്റെ രൂപീകരണത്തിനായുള്ള പ്രവർത്തനങ്ങൾ പ്രാരംഭഘട്ടത്തിലാണ്. |
| (സി) | എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ നൽകാമോ? | | |

സെക്ഷൻ ഓഫീസർ